(ഡി) പരാതിക്കാർക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടെങ്കിൽ ഉടനടി അതു വിതരണം ചെയ്യണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഡപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്.

തിരുവനന്തപുരം വെട്ടുകാട് സെൻറ് മേരീസ് ഹൈസ്ക്കൂൾ മൽസ്യ തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിയ ലംപ്സം ഗ്രാൻറ്

1152 [1579] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വെട്ടുകാട് സെൻറ് മേരീസ് ഹൈസ്ക്കൂൾ മുഖേന 1983-84, 1984-85, 1985-86 വിദ്യാഭ്യാസ വർഷത്തിൽ മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാൻറ് നൽകിയ തുക എത്ര ;

(ബി) ലംപ്സംഗ്രാൻറ് ഇനത്തിൽ ഈ സ്ക്കൂളിന് അനുവദിച്ച തുകയുടെ കാര്യത്തിൽ ക്രമക്കേട് നടത്തിയതായി വിജിലൻസ് അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുണ്ടായിരുന്നോ ;

(സി) എങ്കിൽ ക്രമക്കേട് നടത്തിയ ആളുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചത്; ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) 1983-84 സ്ക്കൂൾ വർഷത്തിൽ വെട്ടുകാട് സെൻറ് മേരീസ് ഹൈസ്ക്കൂൾ മുഖേന മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാൻറിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല. 1984-85 വർഷത്തിൽ 51253 രൂപ നൽകിയിട്ടുണ്ട്. ഈ സ്ക്കൂൾ വർഷത്തിൽ (1985-86) ലംപ്സംഗ്രാൻറ് നൽകാനുള്ള നടപടി എടുത്തു വരുന്നു.

(ബി) ഉണ്ട്.

(സി) ക്രമക്കേട് നടത്തിയ വെട്ടുകാട് സെൻറ് മേരീസ് ഹൈസ്ക്കൂളിലെ ക്ലാർക്കിൻെറയും പ്രഥമാദ്ധ്യാപകൻെറയും പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചു വിവരം റിപ്പോർട്ട് ചെയ്യാൻ പ്രസ്തുത സ്ക്കൂൾ മാനേജരോട് വിദ്യാഭ്യാസ ഡറയക്ടർ 12-6-1985-ൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സ്റ്റാഫ് ഫിക്സേഷനു നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർ

1153 [1580] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമ്മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷനു എത്ര അദ്ധ്യാപകരെയാണ് നിയോഗിച്ചിട്ടുള്ളത് ;

(ബി) ഇതിൽ എത്ര പേർ ഫിക്സേഷൽ നടത്തുന്നതിനുള്ള ക്യാമ്പ് ബഹിഷ്ക്കരിച്ചു ;

(സി) ; ബഹിഷ്ക്കരണത്തോടനുബന്ധിച്ച് എത്ര അദ്ധ്യാപകരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) 6242.

(ബി) ക്യാമ്പുകൾ തുടർന്നുകൊണ്ടിരിക്കുന്നു. അവ അവസാനിച്ചാലെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളു.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly